# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 25.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിവിധ സംസ്ഥാനങ്ങളിലെ, പാക് സ്വദേശികളെ കണ്ടെത്താൻ നിർദേശം നൽകി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ; സിന്ധു നദീജല കരാർ സംബന്ധിച്ച് ഉന്നതതല യോഗം ചേർന്നു.

   Union Home Minister Amit Shah today spoke to all Chief Ministers asking them to identify all Pakistan nationals in their states; Amit Shah held a meeting regarding the Indus Water Treaty of 1960 with Pakistan in New Delhi.

2. ശ്രീനഗറിൽ സുരക്ഷാ സ്ഥിതി വിലയിരുത്തി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ; പഹൽഗാം ആക്രമണത്തിൽ ഇന്ത്യയ്ക്ക് പിന്തുണ നൽകി കൂടുതൽ ലോക നേതാക്കൾ.

   Army Chief General Upendra Dwivedi reviews security situation in Srinagar; more world leaders support India in Pahalgam attack.

3. ദേശീയ റോസ്ഗാർ മേളയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ 51,000 നിയമന ഉത്തരവുകൾ വിതരണം ചെയ്യും; തിരുവനന്തപുരത്തും കൊച്ചിയിലും തൊഴിൽ മേളകൾ.

   Prime Minister Narendra Modi will distribute over 51 thousand appointment letters to newly appointed youth in various government departments and organisations tomorrow ; Job fairs also in Thiruvananthapuram and Kochi..

4. ഐ എസ് ആർ ഒ മുൻ ചെയർമാൻ കെ. കസ്തൂരിരംഗൻ അന്തരിച്ചു; അനുശോചനം അറിയിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, തുടങ്ങിയവർ.

Former ISRO Chairman K. Kasturirangan passes away; President, Vice President, Prime Minister, etc. express condolences.

5. ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ നാളെ നടക്കും ; ഇന്ത്യയെ പ്രതിനിധീകരിച്ച് രാഷ്ട്രപതി റോമിൽ.

Pope Francis' funeral will be held tomorrow; President Droupadi Murmu to represent India in Rome.

6. കേരളത്തിൽ ഐ ടി പാർക്കുകളിൽ മദ്യം വിളമ്പാൻ അനുമതി നൽകി സംസ്ഥാന സർക്കാർ.

The state government has given permission to serve alcohol in IT parks in Kerala.

## HM- PAK NATIONALS

പാകിസ്ഥാൻ പൗരൻമാർക്ക് അനുവദിച്ച വീസ ഇന്ത്യ റദ്ദാക്കിയ സാഹചര്യത്തിൽ വിവിധ സംസ്ഥാനങ്ങളിലെ, പാക് സ്വദേശികളെ കണ്ടെത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യമന്ത്രിമാർക്ക് നിർദേശം നൽകി. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് തീരുമാനം. ഇവരെ പാകിസ്ഥാനിലേക്ക് തിരിച്ച് അയയ്ക്കാനുള്ള നടപടികൾ ഉറപ്പാക്കണമെന്നും ശ്രീ അമിത് ഷാ നിർദേശം നൽകി.ദീർഘകാല വിസകൾ, നയതന്ത്ര, ഔദ്യോഗിക വിസകൾ ഒഴികെ പാക് പൗരന്മാർക്ക് നൽകിയ എല്ലാ വിസകളും ഇന്ത്യ ഞായറാഴ്ച മുതൽ റദ്ദാക്കിയിരുന്നു. പാക് പൗരന്മാർക്ക് നൽകുന്ന എല്ലാ മെഡിക്കൽ വിസകൾക്കും ഈ മാസം 29 വരെ മാത്രമേ സാധുതയുള്ളൂ. റദ്ദാക്കിയ വിഭാഗങ്ങളിൽ പുതിയ വിസകൾ നൽകില്ല.

## AMIT SHAH - INDUS

1960-ലെ സിന്ധു നദീജല കരാർ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ന്യൂഡൽഹിയിലെ വസതിയിൽ ഉന്നതതല യോഗം ചേർന്നു. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യ, സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കിയതിന് പിന്നാലെയായിരുന്നു യോഗം.

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ, കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

✡✡✡✡✡✡✡✡✡✡✡✡✡

## EVE ARMY CHIEF VISIT J-K

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ശ്രീനഗറിലെത്തി സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്തു. ലഫ്.കേണൽ മനോജ് സിൻഹ, ഉന്നത സൈനിക ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു. ശ്രീനഗർ ആസ്ഥാനമായുള്ള 15 കോർപ്സിന്റെ ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ കരസേനാ മേധാവി വിലയിരുത്തി. നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം വെടി നിർത്തൽ കരാർ ലംഘിക്കാൻ നടത്തുന്ന ശ്രമങ്ങളെ കുറിച്ച് യോഗം ചർച്ച ചെയ്തു. ഭീകരാക്രമണം നടന്ന അനന്തനാഗ് ജില്ലയിലെ പഹൽഗാമിലെ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്താൻ കരസേനാ മേധാവി പഹൽഗാം സന്ദർശിച്ചു. മേഖലയിലെ സുരക്ഷാ സാഹചര്യം സൈനിക കമാൻഡർമാർ കരസേനാ മേധാവിയെ ധരിപ്പിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡

## WORLD LEADERS PAHALGAM

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറും നെതർലൻഡ്സ് പ്രധാനമന്ത്രി ഡിക്ക് ഷൂഫും. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ടെലിഫോണിൽ വിളിച്ചാണ് ഇരു നേതാക്കളും ഇന്ത്യൻ ജനതയ്ക്ക് പിന്തുണ അറിയിച്ചത്. ഇന്ത്യൻ മണ്ണിൽ നടന്ന ഹീനമായ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട നിരപരാധികൾക്ക് യു.കെ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. പഹൽഗാമിലെ മനുഷ്യത്വ രഹിതമായ, അതിർത്തി കടന്നുള്ള ഭീകരാക്രമണത്തിൽ നെതർലാൻഡ്സ് പ്രധാനമന്ത്രിയും അനുശോചനം രേഖപ്പെടുത്തി. ലോക നേതാക്കളുടെ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും പ്രധാനമന്ത്രി മോദി നന്ദി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡

## J and K-RAHUL GANDHI VISIT SRINAGAR (INTRO)

പഹൽഗാം ഭീകരാക്രമണത്തിൽ പാകിസ്ഥാനെതിരായ കേന്ദ്രസർക്കാർ നടപടികളിൽ കോൺഗ്രസിൻറെ പൂർണ പിന്തുണ ഉറപ്പ് നൽകി ലോക്സഭ

പ്രതിപക്ഷ നേതാവും പാർട്ടിയുടെ മുതിർന്ന നേതാവുമായ രാഹുൽ ഗാന്ധി. എല്ലാ പൗരന്മാരും ഭീകരതയ്ക്കെതിരെ ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

**(ഹോൾഡ് വോയ്സ്........)**

ജമ്മുകശ്മീർ ലഫ്റ്റനൻറ് ഗവർണറുമായും മുഖ്യമന്ത്രിയുമായും ശ്രീ രാഹുൽ ഗാന്ധി കൂടിക്കാഴ്ച നടത്തി.

✡✡✡✡✡✡✡✡✡✡✡✡✡

## RAMACHANDRAN - FUNERAL

പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രൻറെ സംസ്കാര ചടങ്ങുകൾ ഇടപ്പള്ളി പൊതുശ്മശാനത്തിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. കേരള ഗവർണർ രാജേന്ദ്ര അർലേക്കർ , കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ പി രാജീവ്, എ കെ ശശീന്ദ്രൻ തുടങ്ങിയവർ അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡

## REV. DAY. BANDIPORA ENCOUNTER

വടക്കൻ കശ്മീരിലെ ബന്ദിപ്പോര മേഖലയിൽ സുരക്ഷാ സേനയും, ഭീകരരുമായി ഇന്ന് പുലർച്ചെയുണ്ടായ കനത്ത വെടി വയ്പ്പിൽ ഭീകര സംഘടനയുമായി ബന്ധമുള്ള ഒരാൾ കൊല്ലപ്പെട്ടു. ലഷ്കർ ഇ തയ്ബയുമായി ചേർന്ന് പ്രവർത്തിക്കുന്ന അൽത്താഫ് അലിയാണ് കൊല്ലപ്പെട്ടത്. അതേസമയം നിയന്ത്രണ രേഖയിലെ വിവിധ ഭാഗങ്ങളിൽ പാകിസ്ഥാൻ വെടി നിർത്ത കരാർ ലംഘിച്ചതായി റിപ്പോർട്ടുകളുണ്ട്. വടക്കൻ കശ്മീരിലെ കുപ്വാര ജില്ലയിലെ നിയന്ത്രണ രേഖയിലാണ് പാകിസ്ഥാൻ സേന വെടിനിർത്തൽ കരാർ ലംഘിച്ചത്. നൗഗാവ്, രജൗരി, പൂഞ്ച് എന്നിവിടങ്ങളിലും വെടിനിർത്തൽ ലംഘനം ഉണ്ടായി. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡

## ROZGAR MELA

15-ാമത് ദേശീയ റോസ്ഗാർ മേളയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ 51,000 നിയമന ഉത്തരവുകൾ കൈമാറും. രാവിലെ 11 ന് വീഡിയോ കോൺഫറൻസിംഗിലൂടെയാണ് ചടങ്ങ്. ഇതിൻറെ ഭാഗമായി തിരുവനന്തപുരത്തും കൊച്ചിയിലും അടക്കം രാജ്യത്തെ 47 സ്ഥലങ്ങളിൽ 15-ാമത് തൊഴിൽമേളകൾ നടക്കും. തിരുവനന്തപുരത്ത് ആദായനികുതി വകുപ്പ് സംഘടിപ്പിക്കുന്ന മേളയിൽ കേന്ദ്രസഹമന്ത്രി കമലേഷ് പാസ്വാൻ മുഖ്യാതിഥിയാകും. എറണാകുളത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

✪✪✪✪✪✪✪✪✪✪✪✪✪

## CENTRE-SC-WAQF

സുതാര്യവും കാര്യക്ഷമവും സമഗ്രവുമായ നടപടികളിലൂടെ വഖഫ് ബോർഡുകളെ ആധുനിക വത്ക്കരിക്കാനാണ് വഖഫ് നിയമ ഭേദഗതി കൊണ്ടുവന്നതെന്ന് സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാർ. സ്വകാര്യ- സർക്കാർ സ്വത്തുക്കൾ കയ്യേറുന്നതിന് വഖഫ് വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. വഖഫ് ബോർഡുകളിൽ ഭൂരിഭാഗവും സുതാര്യമല്ലാത്ത രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും വിവരങ്ങൾ പൊതു സഞ്ചയത്തിൽ അപ്ലോഡ് ചെയ്യിട്ടില്ലെന്ന് കണ്ടെത്തിയതായും കേന്ദ്രം കോടതിയിലറിയിച്ചു. കൂടുതൽ വാദം കേൾക്കുന്നതിനായി കേസ് മെയ് 5 ലേക്ക് മാറ്റി.

✪✪✪✪✪✪✪✪✪✪✪✪✪

## FORMER ISRO CHAIRMAN PASSED AWAY

ഐ.എസ്.ആർ.ഒ മുൻ ചെയർമാനും ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ നയത്തിൻറെ പ്രധാന ശില്പിയുമായ ഡോ. കെ. കസ്തൂരിരംഗൻ ബെംഗളൂരുവിൽ അന്തരിച്ചു. 84 വയസ്സായിരുന്നു. ഐ.എസ്.ആർ.ഒ ചെയർമാനായിരുന്ന ഡോ. കസ്തൂരിരംഗൻ, ഇന്ത്യയുടെ സുപ്രധാന ഉപഗ്രഹ വിക്ഷേപണ വാഹനമായ പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ - പി.എസ്.എൽ.വി വികസിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ചാൻസലറായും കർണാടക നോളജ് കമ്മീഷൻ ചെയർമാനായും ഡോ. കസ്തൂരിരംഗൻ സേവനമനുഷ്ഠി ച്ചിട്ടുണ്ട്. ഗവേഷണത്തിനും പഠനത്തിനും പിന്തുണ നൽകിയ ബെംഗളൂരു

വിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ ഡയറക്ടറായിരുന്നു. 2003 മുതൽ 2009 വരെ രാജ്യസഭാംഗവും ആയിരുന്നു.

✪✪✪✪✪✪✪✪✪✪✪✪✪

## KASTHOORIRANGAN CONDOLENCES

കസ്തൂരിരംഗൻറെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിവർ അനുശോചനം രേഖപ്പെടുത്തി. രാജ്യത്തിന്റെ ബഹിരാകാശ പദ്ധതിയുടെ പരിണാമത്തിൽ മികച്ച പങ്ക് വഹിച്ച കസ്തൂരിരംഗൻ ഇന്ത്യയുടെ ശാസ്ത്ര-വിദ്യാഭ്യാസ മേഖലയിലെ ഒരു പ്രമുഖ വ്യക്തിത്വമാണെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. ഇന്ത്യയുടെ വിദ്യാഭ്യാസ നയം രൂപപ്പെടുത്തുന്നതിലും സമൂഹത്തിൽ ശാസ്ത്രബോധം വളർത്തുന്നതിലും അദ്ദേഹം വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഉപരാഷ്ട്രപതി അനുസ്മരിച്ചു. കസ്തൂരിരംഗൻറെ ദീർഘവീക്ഷണമുള്ള നേതൃത്വവും രാജ്യത്തിന് നൽകിയ നിസ്വാർത്ഥ സംഭാവനയും എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധനമന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪

## PREZ DEPARTURE VATICAN CITY

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ നാളെ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ന് റോമിലെ സെൻറ് മേരി മേജർ ബസലിക്കയിൽ നടക്കും. സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ നടക്കുന്ന പൊതുദർശനത്തിൽ പോപ്പിന് ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ഇന്ത്യയെ പ്രതിനിധീകരിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു റോമിലെത്തി. കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ തുടങ്ങിയവരും രാഷ്ട്രപതിക്കൊപ്പമുണ്ട്. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും.

✪✪✪✪✪✪✪✪✪✪✪✪✪

## REV. TN - VICE PRESIDENT (INTRO)

ഇന്ത്യ അതിവേഗം വളരുന്ന സാമ്പത്തിക ശക്തിയാണെന്നും അടിസ്ഥാന സൗകര്യത്തിൽ മുന്നേറ്റം തുടരുന്നതായും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

കേന്ദ്ര, സംസ്ഥാന, സ്വകാര്യ കോളേജുകളുടെയും സർവകലാശാലകളുടെയും വൈസ് ചാൻസലർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഊട്ടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.....)

✪✪✪✪✪✪✪✪✪✪✪✪✪

## IT PARK - LIQOUR

സംസ്ഥാനത്ത് ഐ ടി പാർക്കുകളിൽ മദ്യം വിളമ്പാനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി. സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഐടി പാർക്കുകൾക്കും സ്വകാര്യ ഐടി പാർക്കുകൾക്കും ലൈസൻസിന് അപേക്ഷിക്കാം.

✪✪✪✪✪✪✪✪✪✪✪✪✪

## MUTHALAPPOZHI

മുതലപ്പൊഴിയിൽ, കഴിഞ്ഞ 10 ദിവസമായി മണൽ കൊണ്ട് മൂടിയ പൊഴി മുറിച്ചു. മണൽനീക്കം വേഗത്തിലാക്കുന്നതിനായി ഡ്രഡ്ജർ ഉൾപ്പെടെ ഇവിടെ എത്തിച്ചിരുന്നു. പൊഴി അടഞ്ഞതോടെ വെള്ള ക്കെട്ടിലായ സമീപ പ്രദേശങ്ങളിൽ നിന്നും. രണ്ട് ദിവസത്തിനകം വെള്ളം ഇറങ്ങുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടുന്നു. ടോസ് നേടിയ ഹൈദരാബാദ് ചെന്നൈയെ ബാറ്റിംഗിനയയ്ക്കുകയായിരുന്നു.

✪✪✪✪✪✪✪✪✪✪✪✪✪

## RAIN - KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം

എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡

## CAMBODIA- MALARIA FREE BY 2025

ഈ വർഷം അവസാനത്തോടെ മലേറിയ മുക്തമാകാൻ ഒരുങ്ങി കംബോഡിയ. 2024 ൽ 355 കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്നും മുൻ വർഷത്തെ അപേക്ഷിച്ച് 75 ശതമാനത്തിൻറെ കുറവാണ് ഉണ്ടായതെന്നും കംബോഡിയൻ പ്രധാമന്ത്രി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡
✡✡✡✡✡